(ഇ) 2004-05 വർഷം സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആകെ 6208.48 ലക്ഷം രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആകെ 71,57,895 രൂപയും വിദ്യാഭ്യാസാനുകൂല്യമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

83 [1427] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05 വിദ്യാഭ്യാസ വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്; ഏതെല്ലാം സാമ്പത്തിക ആനുകൂല്യങ്ങളാണ് പ്രസ്തുത വിദ്യാർത്ഥികൾക്ക് നൽകാനുള്ളത്;

(സി) ട്രഷറി നിയന്ത്രണം കാരണം എന്തെങ്കിലും ആനുകൂല്യം വിദ്യാർത്ഥികൾക്ക് നൽകാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണ്;

(ഡി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെഡിക്കലിനും എഞ്ചിനീയറിംഗിനും പഠിക്കുന്ന ഈ വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നൽകാൻ കുടിശ്ശികയായിട്ടുള്ളത്?

ഉത്തരം

(എ) സ്വാശ്രയകോളേജുകളിലെ വിദ്യാർത്ഥികളുടെ ഫീസും സാങ്കേതിക കാരണങ്ങളാൽ ചില അപേക്ഷകളിലും യഥാസമയം നൽകാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) അലോട്ട്മെന്റിനും പ്രതിമാസ സീലിംഗിനും വിധേയമായിട്ടാണ് തുക ട്രഷറിയിൽ നിന്നും മാറാൻ കഴിഞ്ഞിരുന്നത്. 2004-05 ലേക്ക് ആദ്യഘട്ടം അനുവദിച്ചു നൽകിയ തുക 2004 ഡിസംബർ മാസം ചെലവ് ചെയ്യുകയുണ്ടായി. ഫീസ്, സ്റ്റൈപ്പൻറ്/മെസ് ചാർജ്ജ് എന്നിവയാണ് വിദ്യാർത്ഥികൾക്ക് നൽകാനുണ്ടായിരുന്നത്.

(സി) ഉണ്ട്. പ്രധാനമായും ഫീസും, മുൻകൂർ തുക കഴിച്ചുള്ള സ്റ്റൈപ്പൻറ്/മെസ് ചാർജ്ജ് എന്നിവയുമാണ് നൽകാൻ കഴിയാതെ വന്നത്. ട്രഷറി നിയന്ത്രണം ഇപ്പോൾ പിൻവലിച്ചിട്ടുള്ളതിനാൽ ബാക്കി തുക നൽകിവരുന്നു.

(ഡി) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉയർന്ന നിരക്കിലുള്ള ഫീസും മുൻകൂർ തുക കഴിച്ചുള്ള സ്റ്റൈപ്പൻറ്, താമസം, ഭക്ഷണ ചെലവ് തുടങ്ങിയ ആനുകൂല്യങ്ങളാണ് നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly